# അധ്യായം 8- കേരളം ആധുനികതയിലേക്ക്

## കേരളം ബ്രിട്ടീഷ് ആധിപത്യത്തിലേക്ക് - ആറ്റിങ്ങൽ കലാപം

1615 ൽ ക്യാപ്റ്റൻ കാലിങ്ങ് സാമൂതിരിയുമായി വ്യാപാര കരാറിൽ ഒപ്പിട്ടു.
വിഴിഞ്ഞം, അഞ്ചുതെങ്ങ്, തലശ്ശേരി എന്നിവിടങ്ങളിൽ പാണ്ഡികശാലകൾ, സൈനിക കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചു.
ഇതിനെ എതിർത്ത നാട്ടുകാർ ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോയ 150 ബ്രിട്ടീഷുകാരെ വധിച്ചു. ഇതാണ് ആറ്റിങ്ങൽ കലാപം എന്ന പേരിൽ അറിയപ്പെട്ടത്. കേരളത്തിൽ ബ്രിട്ടീഷുകാർക്ക് നേരെയുള്ള ആദ്യത്തെ സംഘടിത കലാപമായിരുന്നു. ഇതിനെ ബ്രിട്ടാഷുകാർ അടിച്ചമർത്തി.
1792ൽ മൈസൂർ രാജാക്കൻമാരുമായുള്ള ശ്രീരംഗപട്ടണം സന്ധി പ്രകാരം മലബാർ ബ്രിട്ടീഷുകാർ കിട്ടി.
1792ൽ കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷ് മേൽകോയ്മ അംഗീകരിച്ചു.
മലബാർ നേരിട്ടും, തിരുവിതാം കൂർ, കൊച്ചി എന്നിവ സാമന്ത രാജാക്കൻമാർ മുഖേനയും ബ്രിട്ടീഷുകാർ ഭരിച്ചു.

| കേരളത്തിലെ ചെറുത്ത് നിൽപ്പുകൾ | | |
|---|---|---|
| **പഴശ്ശി കലാപം** | **മലബാർ** | **വാഗ്ദാന ലംഘനം** - മൈസൂരിനെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അവകാശം നിഷേധിച്ചു. വയനാട്ടിന് മുകളിൽ അവകാശം ഉന്നയിച്ചു.<br>ചെമ്പൻ പോക്കർ, കൈതേരി അമ്പുനായർ, എടച്ചേന കുങ്കൻ നായർ, തലക്കൽ ചന്തു എന്നിവരുടെ സഹായം. 1805 നവമ്പർ30 ന് പഴശി മരണപ്പെട്ടു. |
| **വേലുത്തമ്പിയും പാലിയത്തച്ഛനും** | **തിരുവിതാം കൂർ/ കൊച്ചി** | ആഭ്യന്തര കാര്യങ്ങളിലെ ഇടപെടൽ.<br>1809 ജനുവരി 11 ന് കുണ്ടറ വിളമ്പരം- ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുക്കാൻ ആഹ്വാനം.<br>സംയുക്ത സൈന്യം ബ്രിട്ടീഷുകാരെ ആക്രമിച്ചെങ്കിലും പിടിച്ച നിൽകാനായില്ല.<br>വേലുത്തമ്പി ആത്മഹത്യ ചെയ്തു, പാലിയത്തച്ഛനെ മദ്രാസിലേക്ക് നാടുകടത്തി. |

### കേരളം ലോക കമ്പോളത്തിലേക്ക്

ബ്രിട്ടീഷുകാർക്ക് അവരുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് കേരളത്തിൽ ലഭ്യമായി.
ബ്രിട്ടീഷ് ഉൽപന്നങ്ങൾ വിറ്റയിക്കാനുള്ള കമ്പോളമായും കേരളം മാറി.
ഇത് കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥ തകർത്തു.

### വ്യാപാരം മെച്ചപ്പെടുത്തുന്നതിന് ബ്രിട്ടീഷുകാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ

മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും വ്യാപാര നിയമങ്ങൾ പരിഷ്കരിച്ചു.
ഏകീകൃത നാണയ വ്യവസ്ഥയും അളവുതൂക്ക സംമ്പ്രദായങ്ങളും നടപ്പാക്കി.
റോഡുകളും പാലങ്ങളും റെയിൽ പാളങ്ങളും പണിതു.
കൊച്ചി, കോഴിക്കോട്, ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.

### കേരളത്തിലെ കർഷക കലാപങ്ങളുടെ സാഹചര്യവും ഫലങ്ങളും

ഭൂമിയുടെ ഉടമസ്ഥാവകാശം പ്രാദേശിക നാടുവാഴികൾക്കും ജന്മിമാർക്കുമായിരുന്നു.
ബ്രിട്ടീഷുകാരും നാടുവാഴികളും ജന്മിമാരും കർഷകർക്ക് മുകളിൽ അമിത നികുതി ചുമത്തി.
അമിത നികുതിയും കുടിയൊഴിപ്പിക്കലും കാരണം കർഷകരുടെ ജീവിതം കൂടുതൽ ദുരിതപൂർണമായി.
ഇത് കർഷക കലാപത്തിലേക്ക് നയിച്ചു. മലാബാറിലെ **മാപ്പിള കലാപം**, വയനാട്ടിലെ **കുറിച്യ കലാപം.**

1929 ലെ മലബാർ കുടിയായ്മ നിയമം - മലബാറിലെ കർഷകർക്ക് ഭൂമിയുടെ മുകളിൽ അവകാശം ലഭിച്ചു.
1865 ലെപണ്ടാരപാട്ട വിളമ്പരം -
1896 ലെ കുടിയാന്മ നിയമം - തിരുവിതാം കൂറിലെ കർഷകർക്ക് കൃഷി ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചു
1914 ലെ ജന്മി കുടിയാൻ നിയമം - കൊച്ചിയിലെ കർഷകർക്ക് ഭൂമിയുടെ മേൽ അവകാശം ലഭിച്ചു.

### കേരളത്തിലെ തോട്ട വ്യവസായങ്ങൾ

| | |
|---|---|
| കയർ - | ആലപ്പുഴ |
| കശുവണ്ടി - | കൊല്ലം |
| കൈത്തറി - | കണ്ണൂർ, കോഴിക്കോട് |
| തേയില - | ഇടുക്കി, വയനാട് |
| കാപ്പി - | ഇടുക്കി, വയനാട് |
| വെളിച്ചെണ്ണ - | ആലപ്പുഴ |
| ഓട് - | ഫറൂക്ക്, കൊല്ലം, ഒല്ലൂർ |

### ബ്രിട്ടീഷ് ഭരണകാലത്തെ കേരളത്തിലെ വ്യാവസായിക പുരോഗതി

പ്രാദേശിക ഭരണാധികാരികളും ബ്രിട്ടീഷുകാരും വ്യാവസായിക പുരോഗതിക്ക അനുകൂലമായ നിലപാടെടുത്തു.
**പള്ളിവാസൽ വൈദ്യുത നിലയം,**

കേരളത്തലെ വ്യവസായ ശാലകൾ

**കളമശ്ശേരിയിലെ ഫാക്റ്റ്, കുണ്ടറ സിറാമിക്സ്,**
**തിരുവനന്തപുരത്തെ റബ്ബർ വർക്സ്, കൊച്ചിയിലെ ടാറ്റാ ഓഴിൽ മിൽ,**
**കൊച്ചിയിലെ അളഗപ്പ തുണിമിൽ, പുനലൂർ പേപ്പർമിൽ,**

കേരളത്തിലെ ബാങ്കുകൾ

**നെടുങ്ങാടി ബാങ്ക്- കേരളത്തിലെ ആദ്യ സ്വകാര്യ ബാങ്ക്, ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേർഡ് ബാങ്ക്**

RAYMON B, AMHSS VENGOOR

| സാംസ്കാരിക മേഖലയിലെ ബ്രിട്ടീഷ് സ്വാധീനം | | |
|---|---|---|
| **ഗ്രന്ഥ രചന** | മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥം - ഡോ. ആഞ്ചലോസ് ഫ്രാൻസിസ്<br>മലയാള ഭാഷയിലെ ആദ്യ നിഘണ്ടു - അർണോസ് പാതിരി<br>മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ ഗ്രന്ഥം - സംക്ഷേപ വേദാർത്ഥം<br>ഇംഗ്ലീഷ് - മലയാളം നിഘണ്ടു എഴുതിയത് - ബെഞ്ചമിൻ ബെയ്‌ലി<br>മലയാളം - ഇംഗ്ലീഷ് നിഘണ്ടു എഴുതിയത് - ഡോ. ഹെർമൻ ഗുണ്ടർട്ട്<br>മലയാളത്തിലെ ആദ്യ പത്രം - രാജ്യസമാചാരം, പശ്ചിമോദയം - ഡോ. ഹെർമൻ ഗുണ്ടർട്ട് | |
| **മിഷണറി പ്രവർത്തനം** | ലണ്ടൻ മിഷൻ സൊസൈറ്റി - തിരുവിതാംകൂർ<br>ചർച്ച് മിഷൻ സൊസൈറ്റി -തിരുവിതാംകൂർ, കൊച്ചി<br>ബാസൽ ഇവാഞ്ചലിക്കൽ മിഷന് - മലബാർ. | ഡോ. ബർണീഡ് ബച്ചിനെല്ലി.<br>റവറന്റ് ഡൗസൺ.<br>റവറന്റ് ഹബീക്ക് |
| **വിദ്യാഭ്യാസം** | തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി | ഗൗരി പാർവതി ഭായി (1817) |
| **നിയമം** | നീതിന്യായ വ്യവസ്ഥ പരിഷ്കരിച്ചു. വാദം കേട്ട ശേഷം കുറ്റത്തിന്റെ സ്വഭാവം അനുസരിച്ച് ശിക്ഷ വിധിച്ചു.<br>ജാതീവിവേചനം നോക്കാതെ നിയമത്തിന് മുന്നിൽ എല്ലാവരേയും തുല്യരായി കണ്ടു.<br>കേസുകൾ വിചാരണ നടത്താൻ കോടതികൾ സ്ഥാപിച്ചു. | |
| **ആരോഗ്യം** | ആയുർവേദ ചികിൽസയുടെ സ്ഥാനത്ത് അലോപ്പതി എന്ന പുതിയ ചികിൽസ രീതി അവതരിപ്പിച്ചു.<br>വസൂരി തടയാനുള്ള കുത്തിവെപ്പ്, ഇംഗ്ലണ്ടിൽ നിന്നും മരുന്ന് വരുത്താൻ കമ്പനിയെ നിയോഗിച്ചു.<br>മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ ആശുപത്രി സ്ഥാപിച്ചു. | |

## സാമൂഹിക പരിഷ്കരണം സമരങ്ങളിലൂടെ

**ചാന്നാർ കലാപം** :- മാറുമറക്കാനുള്ള അവകാശത്തിന് വേണ്ടി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകളുടെ സമരം.
1859 ൽ ചാന്നാർ സ്ത്രീകൾക്ക് ജാക്കറ്റും മേൽമുണ്ടും ധരിക്കാൻ ഉത്രാടം തിരുനാൾ മഹാരാജാവ് അവകാശം നൽകി.

1888 ലെ **അരുവിപ്പുറത്തെ ശിവ പ്രതിഷ്ഠ**- ക്ഷേത്രകർമവും പൂജയും ചെയ്യാനുള്ള അവകാശം അവർണ സമുദായത്തിനും.
ആലുവായിലെ സർവ്വമത സമ്മേളനം - വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് എന്ന പ്രഖ്യാപനം

**വൈക്കം സത്യാഗ്രഹം** 1924 – സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാനപ്പെട്ട പ്രക്ഷോഭം.
ടികെ മാധവൻ, മന്നത്ത് പത്മനാഭൻ, ക്ഷേത്രത്തിന് ചുറ്റും പൊതുനിരത്തിലൂടെ വഴിനടക്കാൻ അവർണർക്ക് അനുവാദം ലഭിച്ചു.

**ഗുരുവായൂർ സത്യാഗ്രഹം** 1931 – ക്ഷേത്രത്തിൽ എല്ലാ ജാതിയിൽപെട്ട ഹിന്ദുക്കൾക്കും പ്രവേശനം ആവശ്യപ്പെട്ട് നടന്നത്.
കെ.കേളപ്പൻ, എകെ ഗോപാലൻ, 1936 ൽ തിരുവിതാംകൂർ ക്ഷേത്ര പ്രവേശന വിളംമ്പരം.
മദിരാശി ക്ഷേത്ര പ്രവേശന വിളംമ്പരം, കൊച്ചി രാജാവിന്റെ വിളംമ്പരം പ്രകാരം കേരളത്തിൽ എല്ലാവർക്കും ക്ഷേത്ര പ്രവേശനം.

## ദേശീയ പ്രസ്ഥാനം കേരളത്തിൽ

**മലബാർ** - 1916 ലെ മലബാർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ പ്രഥമ സമ്മേളനം പാലക്കാട് - ആനിബസന്റ് നേതൃത്വം നൽകി.
1920 ൽ മലബാറിലെ അവസാനത്തെ സമ്മേളനം മഞ്ചേരിയിൽ- കുടിയാൻ പ്രശ്നം, ഖിലാഫത്ത് എന്നിവ ചർച്ച ചെയ്തു.
1921 ലെ മലബാർ കലാപം- മാപ്പിള കർഷകർ ജന്മിമാർക്കെതിരെ നടത്തിയ കലാപം.
1930 – നിയമ ലംഘന പ്രസ്ഥാനം - പയ്യന്നൂരിലും കൊഴിക്കോട്ടും നിയമം ലംഘിച്ച് ഉപ്പുണ്ടാക്കി. - കെ.കേളപ്പൻ.
1939 –കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്യൂണിസ്റ്റ് പാർട്ടിയായി മാറി- കയ്യൂർ,മൊറായ,കരിവള്ളൂർഇവിടങ്ങളിലെ കർഷക സമരം
1942 – ക്വിറ്റ് ഇന്ത്യ സമരം- സർക്കാർ കെട്ടിടങ്ങൾ പൊളിക്കൽ, റോഡ് പാലങ്ങൾ തകർക്കൽ, കീഴരിയൂർ ബോംബ് കേസ്.

**കൊച്ചി** - ഇലക്ട്രിസിറ്റി സമരം- ദിവാൻ വൈദ്യുതി വിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചതിനെതിരെയുണ്ടായ സമരം.
കൊച്ചി രാജ്യ പ്രജാമണ്ടൽ രൂപീകൃതമായതോടെ ഈ സമരം ശക്തിപ്പെട്ടു.
ഇക്കണ്ട വാര്യർ, പനമ്പള്ളി ഗോവിന്ദമേനോൻ, കെ അയ്യപ്പൻ എന്നിവരാൺ കൊച്ചിൻ രാജ്യ പ്രജാമണ്ടലത്തിന്റെ നേതാക്കൻമാർ

**തിരുവിതാംകൂർ** -
മലയാളി മെമ്മോറിയൽ 1891- സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യം - ജി.പി പിള്ള
ഈഴവ മെമ്മോറിയൽ 1896 – ഈഴവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കാണിച്ച് രാജാവിന് ഹരജി - ഡോ. പൽപ്പു.
നിവർത്തന പ്രക്ഷോഭം 1932- കൃസ്ത്യൻ,മുസ്ലിം, ഈഴവർ എന്നിവർക്ക് ജനസംഖ്യാനുപാതികമായി സംവരണം .

ദേശീയ പ്രസഥാനവും സ്ത്രീകളും

**സമരങ്ങൾ:**

മലബാർ കലാപം,
വിദേശവസ്ത്ര ബഹിഷ്കരണം,
മദ്യഷാപ്പ പിക്കറ്റിങ്ങ്,
അയിത്തോച്ചാടനം,
ഹരിജനോദ്ധാരണം,
ഖാദി പ്രചാരണം.

**എ.വി കുട്ടിമാളു അമ്മ,**
**അക്കമ്മ ചെറിയാൻ,**
**ആനി മസ്ക്രീൻ**

<u>ഐക്യ കേരളത്തിലേക്ക്</u>

1920-നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചു.

1921- ഒറ്റപ്പാലം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം- കേരള പ്രദേശ് കോൺഗ്സ് കമ്മിറ്റി നിലവിൽ വന്നു.

1947- കെ.കേളപ്പന്റെ അധ്യക്ഷതയിൽ ഐക്യ കേരള കൺവെൻഷനിൽ ഐക്യ കേരള പ്രമേയം പാസാക്കി.

1947 ജൂലൈ ഒന്നിന് തിരുകൊച്ചി സംസ്ഥാനം രൂപീകരിച്ചു.

1956-സംസ്ഥാന പുനസംഘടന കമ്മീഷന്റെ സുപാർശ പ്രകാരം കേരള സംസ്ഥാനം രൂപീകൃതമായി.

തോവാള, കൽകുളം, അഗസ്തീസ്വരം, വിളവൻകോട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തിലേക്കും കാസർകോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോടും ചേർത്തു.

RIYASMON B, AMHSS VENGOOR